# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4590** — **04.02.2014 ൽ മറുപടിക്ക്**

### നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ല് സംഭരണം

**ചോദ്യം**
ശ്രീ. വി. ചെന്താമരാക്ഷൻ:

**ഉത്തരം**
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ഇക്കഴിഞ്ഞ സീസണിൽ എത്ര ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എ) 2013-14 ഒന്നാം സീസണിൽ നെന്മാറ നിയോജക മണ്ഡലത്തിൽ സംഭരിച്ച നെല്ലിന്റെ പഞ്ചായത്ത് തിരിച്ചുള്ള അളവ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | അളവ് (മെ.ടൺ) |
|---|---|---|
| 1 | അയിലൂർ | 1226.592 |
| 2 | എലവഞ്ചേരി | 3379.362 |
| 3 | കൊടുവായൂർ | 2056.798 |
| 4 | കൊല്ലങ്കോട് | 2350.815 |
| 5 | മുതലമട | 2846.201 |
| 6 | നെന്മാറ | 2186.444 |
| 7 | പല്ലശ്ശന | 4152.318 |
| 8 | പുതുനഗരം | 710.217 |
| 9 | വടവന്നൂർ | 2217.779 |
| | ആകെ | **21126.526** |

(ബി) നെല്ല് സംഭരണത്തിന്റെ ചുമതല ഏതെല്ലാം ബാങ്കുകളെയാണ് ഏൽപ്പിച്ചത്; വിശദാംശം നൽകുമോ;

(ബി) നെല്ല് സംഭരണത്തിന്റെ ചുമതല ബാങ്കുകളെ ഏൽപ്പിച്ചിട്ടില്ല. സപ്ലൈകോ നേരിട്ടാണ് കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത്.

(സി) സംഭരണ വില യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) 2013-14 ഒന്നാം സീസണിൽ സംഭരിച്ച നെല്ലിന്റെ വില കാലതാമസം കൂടാതെ നൽകാൻ കഴിഞ്ഞിട്ടുണ്ട്. നെല്ല് സംഭരിച്ച് താമസംവിനാ ആയതിന്റെ വില പൂർണ്ണമായും നൽകാൻ കഴിഞ്ഞു. കൂടാതെ പാലക്കാട് ജില്ലയിൽ കാനറാ ബാങ്കുമായി ധാരണാപത്രം ഉണ്ടാക്കിയിട്ടുള്ളതിനാൽ ടി ബാങ്കിൽ പാഡി റസീറ്റ് ഷീറ്റ് സമർപ്പിച്ച കർഷകർക്ക് നെല്ലിന്റെ

| | | | |
|---|---|---|---|
| | | | വില 3 ദിവസത്തിനുള്ളിൽ കർഷക രുടെ അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സംഭരണവില നൽകാൻ ഇനിയും കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | 2013-14 ഒന്നാം സീസണിൽ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകി യിട്ടുണ്ട്. 17.01.2014 ന് ആരംഭിച്ച രണ്ടാം സീസണിൽ സംഭരിച്ച നെല്ലിന്റെ വില മാത്രമാണ് ഇനി നൽകുവാനുള്ളത്. ആയതിന്റെ വില കർഷകർ പാഡി റസീറ്റ് ഷീറ്റ് പേയ്മെന്റ് ഓഫീസിൽ നൽകുന്ന മുറയ്ക്ക് താമസംവിനാ നൽകുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**